സ്കൂളുകളിലെ പാഠപുസ്തകങ്ങളും, യൂണിഫോമും വിതരണം

105 (1160) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണപ്പരീക്ഷാ കാലയളവിനുള്ളിൽ പോലും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും എല്ലാ പാഠപുസ്തകങ്ങളും, യൂണിഫോമും എത്തിക്കാൻ കഴിയാതിരുന്ന സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ ;

(ബി) ഓണപ്പരീക്ഷയ്ക്ക് മുൻപ് ഏതെല്ലാം പാഠപുസ്തകങ്ങൾ എത്ര സ്കൂളുകളിൽ വിതരണം ചെയ്യാൻ ബാക്കി നിൽപുണ്ടായിരുന്നു ; ഇപ്പോൾ അവശേഷിക്കുന്നവ എത്ര ;

(സി) സ്കൂൾ യൂണിഫോമുകൾ ഇനിയും വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നവ എത്ര ;

(ഡി) പാഠപുസ്തകങ്ങൾ ഇല്ലാതെ ഓണപ്പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഷയത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതായി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കെ.ബി.പി.എസ്സിന്റെ ഇൻഡന്റ് മാനേജ്മെന്റ് സിസ്റ്റം പ്രയോജനപ്പെടുത്തി ടി വെബ്സൈറ്റിൽ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ നിന്നും ഇൻഡന്റ് ചെയ്യുകയാണ് പതിവ്. ഓരോ സൊസൈറ്റിയുടേയും കീഴിൽ ഒന്നിൽ കൂടുതൽ സ്കൂളുകൾക്കുള്ള പുസ്തകങ്ങൾ ഇൻഡന്റ് ചെയ്തതു പ്രകാരം കെ.ബി.പി.എസ്. പുസ്തകങ്ങൾ അച്ചടിച്ച് തപാൽ സംവിധാനം മുഖേന എത്തിക്കുന്നു. ഈ വർഷം പല സ്കൂളുകളിൽ നിന്നും കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ ഇൻഡന്റ് ചെയ്യുകയും ടൈറ്റിലുകൾ തെറ്റായി ചേർക്കുകയും വഴി ആവശ്യത്തിലധികം പുസ്തകങ്ങൾ ചില സ്കൂളുകൾ കൈപ്പറ്റി. കൂടാതെ തെറ്റായ ഇൻഡന്റ് ചെയ്ത ടൈറ്റിലുകൾ വരെ സ്കൂളുകളിൽ എത്തി. ഇപ്രകാരം വിദ്യാർത്ഥികളുടെ എണ്ണത്തിനും അതിന്റെ 5% അധികവും അനുസരിച്ചുള്ള പുസ്തകങ്ങൾ സ്കൂളുകൾക്ക് മതിയാവാതെ വരുന്ന സ്ഥിതിഗതിയുണ്ടായി. എങ്കിലും കെ.ബി.പി.എസിന് അഡീഷണൽ പ്രിന്റ് ഓർഡർ നൽകി പുസ്തകം അച്ചടിച്ച് യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.

(ബി) സ്കൂളുകൾ ആവശ്യത്തിലധികം സ്വീകരിച്ച പുസ്തകങ്ങൾ അതാത് വിദ്യാഭ്യാസ ആഫീസർമാരുടെ നിർദ്ദേശ പ്രകാരം കണക്കെടുക്കുകയും പുസ്തകങ്ങൾ ലഭിക്കാതെ വന്ന സ്കൂളുകൾക്ക് ഡിപ്പാർട്ട്മെന്റൽ സംവിധാനം ഉപയോഗിച്ച് പുസ്തകങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിന് പുനഃക്രമീകരിക്കുകയുമുണ്ടായി. ഇപ്രകാരം ഓണപ്പരീക്ഷയ്ക്കുള്ള പുസ്തകങ്ങൾ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയ പ്രകാരം പൂർണ്ണമായും ലഭ്യമാക്കിയിരുന്നു.

(സി) നവംബർ 30-ന് മുമ്പ് എല്ലാ സ്കൂളുകളിലും യൂണിഫോം വിതരണം പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇൻഡന്റ് ചെയ്ത പ്രകാരമാണ് കെ.ബി.പി.എസ്. പുസ്തകങ്ങൾ തപാൽ സംവിധാനം മുഖേന എത്തിച്ചിരുന്നത്. ആവശ്യമായ പുസ്തകങ്ങളുടെ ടൈറ്റിലുകൾ എണ്ണത്തിനനുസരിച്ച് ഇൻഡന്റ് ചെയ്യാത്തവർക്ക്, ജില്ലയിൽ കൂടുതലായി ലഭിച്ച പുസ്തകങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തരം പുനഃക്രമീകരിച്ച് നൽകിയിട്ടുണ്ട്.

സ്കൂളുകളുടെ പ്രവർത്തനത്തിൽ ഇടപെടൽ

106 (1161) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ അക്കാഡമിക്/അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങളിൽ ഇടപെടാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ, ഏതെല്ലാം കാര്യങ്ങളിലാണ് ഇവർക്ക് ഇടപെടാൻ കഴിയുന്നതെന്നു വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് വകുപ്പ് ഇറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ഏതൊക്കെയാണ്; പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 9 പ്രകാരം 13 ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിനും അവയുടെ ഗുണഫലങ്ങൾ പ്രൈമറി സ്കൂളുകളിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട മേൽനോട്ടം വഹിക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഇക്കാര്യത്തിൽ വിവിധ തദ്ദേശ സ്ഥാപനതലങ്ങളിൽ മേൽനോട്ടം വഹിക്കേണ്ടതായ ചുമതലകൾ വിശദീകരിച്ചുകൊണ്ട് 20-9-2014 ലെ ജി.ഒ.(പി) 192/14/പൊ.വി.വ. നമ്പർ മുഖേന വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly